**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ 5 റീച്ചുകളായിട്ടാണ് മലയോര ഹൈവേ തിരിച്ചിട്ടുള്ളത്.<br><br>റീച്ച് 1 - കുട്ടിക്കാനം - ചപ്പാത്ത്<br><br>റീച്ച് 2 - ചപ്പാത്ത് - പുളിയൻമല<br><br>റീച്ച് 3 - പുളിയൻമല - മൈലാട്ടുംപാറ<br><br>റീച്ച് 4 - മൈലാട്ടുംപാറ - എല്ലക്കൽ പാലം<br><br>റീച്ച് 5 - എല്ലക്കൽ പാലം – ഇരുട്ടുകാനം<br><br>ഇതിൽ മുണ്ടക്കയം – കുട്ടിക്കാനം, ആറാം മൈൽ - ഇരുട്ടുകാനം എന്നിവ NH - ന്റെ അധീനതയിൽ വരുന്നതാണ്. മയിലാട്ടുംപാറ മുതൽ വലിയ മുല്ലക്കാനം വരെയുള്ള ഭാഗം ശബരിമല പദ്ധതി, KSTP പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഓരോ റീച്ചിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**റീച്ച് 1 - കുട്ടിക്കാനം - ചപ്പാത്ത് (19 km)**<br><br>കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള പ്രവർത്തി തെരുവത്ത് ബിൽഡേഴ്സ് എന്ന കരാർ കമ്പനി 28.02.2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**റീച്ച് 2 - ചപ്പാത്ത് - പുളിയൻമല (27.71 km)**<br><br>ചപ്പാത്ത് മുതൽ പുളിയന്മല വരെ സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ 4 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ചപ്പാത്ത് മുതൽ കട്ടപ്പന വരെ മൂന്ന് ഭാഗങ്ങളായി നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. കട്ടപ്പന മുതൽ പുളിയൻമല വരെയുള്ള ഭാഗത്തിനായി അധിക |

സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**1. പീരുമേട് - ദേവികുളം റോഡ് Ch.19/000 മുതൽ Ch.40/050 & തൊട്ടുപുഴ - പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ - Part TS1-മേരികുളം മുതൽ (23/925) നരിയംപാറ വരെ (36/625) -12.70 Km**

ഈ റോഡിൻെറ Ch.23/925 മേരികുളം മുതൽ Ch. 26/100 വെണ്ണിലാങ്കണ്ടം വരെ 2.175 കി.മീ വരെയുള്ള ഭാഗം പീരുമേട് നിയോജകമണ്ഡലത്തിലും 26/100 മുതൽ വെണ്ണിലാങ്കണ്ടം മുതൽ നരിയംപാറ 36/625 വരെയുള്ള ഭാഗം ഇടുക്കി നിയോജകമണ്ഡലത്തിലുമാണ്. പ്രവർത്തി 48% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ റോഡ് വൈഡനിങ്, കൾവർട്ട്/റീട്ടെയിനിംഗ് വാൾ, DBM എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

**2. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/ 050 & തൊട്ടുപുഴ- പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS2- നരിയംപാറ മുതൽ (36/625) കട്ടപ്പന വരെ (39/525)- 2.90 km**

പ്രവർത്തി 57% പുരോഗതി കൈവരിച്ചിട്ടുള്ളതും, നിലവിൽ DBM & BC - (2.6- കി.മീ പൂർത്തീകരിച്ചു) ഐറിഷ് ഡ്രയിൻ, റോഡ് സുരക്ഷ പ്രവർത്തികൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. 20 acre പാലത്തിന്റെ നിർമ്മാണത്തിന് തടസ്സമായി തോട് പുറമ്പോക്കിലെ താമസക്കാരിയെ മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**3. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/ 050 & തൊട്ടുപുഴ- പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS3- ചപ്പാത്ത് മുതൽ (18/477) മുതൽ മേരികുളം വരെ (23/925)-5.50 km**

പ്രവൃത്തി 27% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ കൾവർട്ട്/റീട്ടെയിനിംഗ് വാൾ DBM- എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

**4. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/050 & തൊട്ടുപുഴ- പുളിയൻമല റോഡ് Ch 85/500 Ch 92/167 വരെ Part TS4- കട്ടപ്പന മുതൽ (85/500) മുതൽ പുളിയൻമല വരെ (92/ 167)-6.667Km**

| | | | |
|---|---|---|---|
| | | | ഈ റീച്ചിന് അധിക സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**<u>റീച്ച് 3 - പുളിയൻമല – മൈലാട്ടുംപാറ (25.8 km)</u>**<br><br>ഈ പ്രവർത്തിയുടെ ഡി.പി.ആർ കിഫ്ബി മാനദണ്ഡപ്രകാരം പരിഷ്കരിച്ച് തയ്യാറാക്കുന്നതിന് RIQCKL EKM വിഭാഗത്തിന്റെ നേതൃത്വത്തിൽ Investigation നടന്നുവരുന്നു. ഈ റോഡ് 31.03.2024 വരെ അധിക പരിപാലന കാലാവധിയിലായിരുന്നു.<br><br>**<u>റീച്ച് 4 - മൈലാട്ടുംപാറ - എല്ലുക്കൽ പാലം</u>**<br><br>**1. മൈലാട്ടുംപാറ കുത്തുങ്കൽ (10.90 km)**<br><br>ഈ റോഡ് പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്റ്റ് ലയബിലിറ്റി പീരീഡിലുമാണ്.<br><br>**2. കുത്തുങ്കൽ-വലിയമുല്ലക്കാനം (6.05 km)**<br><br>ഈ റോഡ് KSTP പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്റ്റ് ലയബിലിറ്റി പീരീഡിലുമാണ്.<br><br>**3. വലിയമുല്ലക്കാനം - എല്ലുക്കൽ പാലം**<br><br>എല്ലുക്കൽ മുതൽ വലിയമുല്ലക്കാനം വരെയുള്ള 5.25 കി.മി ദൂരമാണ് ഈ വർക്കിൽ ഉൾപ്പെടുന്നത്. നിലവിൽ ഈ പ്രവർത്തി 17% പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>**റീച്ച് 5 - എല്ലുക്കൽ പാലം–ഇരുട്ടുകാനം (12.87 km)**<br><br>ഈ പ്രവർത്തിയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | ആകെ എത്ര റീച്ചുകളാണ് ഇടുക്കി ജില്ലയിലുള്ളത്; ഓരോ റീച്ചിന്റെയും പേര് വിവരങ്ങൾ, ദൈർഘ്യം, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | ഇടുക്കി ജില്ലയിൽ 5 റീച്ചുകളായിട്ടാണ് മലയോര ഹൈവേ തിരിച്ചിട്ടുള്ളത്.<br><br>റീച്ച് 1 - കുട്ടിക്കാനം - ചപ്പാത്ത്<br><br>റീച്ച് 2 - ചപ്പാത്ത് - പുളിയൻമല<br><br>റീച്ച് 3 - പുളിയൻമല - മൈലാട്ടുംപാറ<br><br>റീച്ച് 4 - മൈലാട്ടുംപാറ - എല്ലുക്കൽ പാലം<br><br>റീച്ച് 5 - എല്ലുക്കൽ പാലം – ഇരുട്ടുകാനം<br><br>ഇതിൽ മുണ്ടക്കയം – കുട്ടിക്കാനം, ആറാം മൈൽ - ഇരുട്ടുകാനം എന്നിവ NH - ന്റെ അധീനതയിൽ വരുന്നതാണ്. മയിലാട്ടുംപാറ മുതൽ വലിയ മുല്ലക്കാനം വരെയുള്ള ഭാഗം ശബരിമല പദ്ധതി, |

KSTP പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഓരോ റീച്ചിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>**റീച്ച് 1 - കുട്ടിക്കാനം - ചപ്പാത്ത് (19 km)**</u>

കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള പ്രവർത്തി തെരുവത്ത് ബിൽഡേഴ്സ് എന്ന കരാർ കമ്പനി 28.02.2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

<u>**റീച്ച് 2 - ചപ്പാത്ത് - പുളിയൻമല (27.71 km)**</u>

ചപ്പാത്ത് മുതൽ പുളിയന്മല വരെ സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ 4 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ചപ്പാത്ത് മുതൽ കട്ടപ്പന വരെ മൂന്ന് ഭാഗങ്ങളായി നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. കട്ടപ്പന മുതൽ പുളിയൻമല വരെയുള്ള ഭാഗത്തിനായി അധിക സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**1. പീരുമേട് - ദേവികുളം റോഡ് Ch.19/000 മുതൽ Ch.40/050 & തൊടുപുഴ - പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ - Part TS1-മേരികുളം മുതൽ (23/925) നരിയംപാറ വരെ (36/625) -12.70 Km**

ഈ റോഡിൻെറ Ch.23/925 മേരികുളം മുതൽ Ch. 26/100 വെണ്ണിലാങ്കണ്ടം വരെ 2.175 കി.മീ വരെയുള്ള ഭാഗം പീരുമേട് നിയോജകമണ്ഡലത്തിലും 26/100 മുതൽ വെണ്ണിലാങ്കണ്ടം മുതൽ നരിയംപാറ 36/625 വരെയുള്ള ഭാഗം ഇടുക്കി നിയോജകമണ്ഡലത്തിലുമാണ്. പ്രവർത്തി 48% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ റോഡ് വൈഡനിങ്, കൾവർട്ട്/റീട്ടെയിനിംഗ് വാൾ, DBM എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

**2. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/ 050 & തൊടുപുഴ-പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS2- നരിയംപാറ മുതൽ (36/625) കട്ടപ്പന വരെ (39/525)- 2.90 km**

പ്രവർത്തി 57% പുരോഗതി കൈവരിച്ചിട്ടുള്ളതും, നിലവിൽ DBM & BC - (2.6- കി.മീ പൂർത്തീകരിച്ചു) ഐറിഷ് ഡ്രയിൻ, റോഡ് സുരക്ഷ പ്രവർത്തികൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. 20 acre പാലത്തിന്റെ നിർമ്മാണത്തിന് തടസ്സമായി

തോട് പുറമ്പോക്കിലെ താമസക്കാരിയെ മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**3. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/ 050 & തൊട്ടുപുഴ-പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS3- ചപ്പാത്ത് മുതൽ (18/477) മുതൽ മേരികുളം വരെ (23/925)-5.50 km**

പ്രവൃത്തി 27% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ കൾവർട്ട്/റീട്ടെയിനിംഗ് വാൾ DBM-എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

**4. കിഫ്ബി മലയോര ഹൈവേ - പീരുമേട് - ദേവികുളം റോഡ് 19/000 മുതൽ Ch 40/050 & തൊട്ടുപുഴ-പുളിയൻമല റോഡ് Ch 85/500 Ch 92/167 വരെ Part TS4- കട്ടപ്പന മുതൽ (85/500) മുതൽ പുളിയൻമല വരെ (92/ 167)-6.667Km**

ഈ റീച്ചിന് അധിക സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>റീച്ച് 3 - പുളിയൻമല – മൈലാട്ടുംപാറ (25.8 km)</u>**

ഈ പ്രവർത്തിയുടെ ഡി.പി.ആർ കിഫ്ബി മാനദണ്ഡപ്രകാരം പരിഷ്കരിച്ച് തയ്യാറാക്കുന്നതിന് RIQCKL EKM വിഭാഗത്തിന്റെ നേതൃത്വത്തിൽ Investigation നടന്നുവരുന്നു. ഈ റോഡ് 31.03.2024 വരെ അധിക പരിപാലന കാലാവധിയിലായിരുന്നു.

**<u>റീച്ച് 4 - മൈലാട്ടുംപാറ - എല്ലുക്കൽ പാലം</u>**

**1. മൈലാട്ടുംപാറ കല്ലുങ്കൽ (10.90 km)**

ഈ റോഡ് പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്ട് ലയബിലിറ്റി പീരീഡിലുമാണ്.

**2. കല്ലുങ്കൽ-വലിയമുല്ലക്കാനം (6.05 km)**

ഈ റോഡ് KSTP പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്ട് ലയബിലിറ്റി പീരീഡിലുമാണ്.

**3. വലിയമുല്ലക്കാനം - എല്ലുക്കൽ പാലം**

എല്ലുക്കൽ മുതൽ വലിയമുല്ലക്കാനം വരെയുള്ള 5.25 കി.മി ദൂരമാണ് ഈ വർക്കിൽ ഉൾപ്പെടുന്നത്. നിലവിൽ ഈ പ്രവർത്തി 17% പുരോഗതി കൈവരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **റീച്ച് 5 - എല്ലക്കൽ പാലം–ഇരുട്ടുകാനം (12.87 km)**<br><br>ഈ പ്രവർത്തിയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. |
| (സി) | ഏതെങ്കിലും റീച്ചിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ; ഇതിനിടയായ സാഹചര്യം വിശദീകരിക്കാമോ? | (സി) | ഹിൽ ഹൈവേയുടെ റോഡ് നിർമ്മാണത്തിന് കിഫ്ബി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിലാണ് നിലവിലെ റോഡിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത്.<br><br>എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത്-മാങ്കുളം -കല്ലാർ വരെയുള്ള അലൈൻമെൻറ് സംരക്ഷണ വന ഭൂമിയിലൂടെ ഉള്ളതും ഇടതൂർന്ന വന പ്രദേശമായതിനാലും വനം വകുപ്പ് മലയോര ഹൈവേ റോഡ് നിർമാണത്തിന് എതിർപ്പ് അറിയിച്ചിരുന്നു. ഇതേ തുടർന്ന് നേര്യമംഗലത്തിന് ശേഷം 6-ാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള NH-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈൻമെൻറ് മാറ്റുവാൻ തീരുമാനം എടുക്കുകയും ചെയ്തു.<br><br>ആനച്ചാൽ മുതലുള്ള 1.5 കിലോമീറ്റർ ഭാഗത്തെ അപകടകരമായ ഹെയർപിൻ വളവുകളും സ്റ്റീപ് ഗ്രേഡിയന്റും ഒഴിവാക്കുന്നതിനായി ആനച്ചാൽ കുഞ്ചിത്തണ്ണി ഭാഗം ആനച്ചാൽ-ചെകുത്താൻ മുക്ക്-പള്ളിവാസൽ പവർ ഹൗസ് -കുഞ്ചിത്തണ്ണി എന്ന് മാറ്റുകയുണ്ടായി. |

സെക്ഷൻ ഓഫീസർ